# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2570 — 10.12.2014 -ൽ മറുപടിക്ക്

## ജീവിത ശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>,, അൻവർ സാദത്ത് :<br>,, വി. റ്റി. ബൽറാം :<br>,, സി. പി. മുഹമ്മദ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രമേഹ, ക്യാൻസർ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമം ഇല്ലായ്മ, മദ്യപാനം, പുകവലി തുടങ്ങിയ ദുഃശീലങ്ങളോടുള്ള ആസക്തി തുടങ്ങിയ വിവിധ കാരണങ്ങളാൽ പ്രമേഹവും, ക്യാൻസറും ഉൾപ്പെടെയുള്ള ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രമേഹരോഗികളും, ക്യാൻസർ രോഗികളും കേരളത്തിലാണ് കൂടുതലെന്ന് വിവിധ പഠനങ്ങൾ തെളിയിക്കുന്നു. 20-27% പേർക്ക് പ്രമേഹവും പ്രതിവർഷം ഒൻപതിനായിരം പേർക്ക് ക്യാൻസറും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. |
| (ബി) ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ? | (ബി) ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിനും, ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>ജീവിതശൈലീരോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന് സംസ്ഥാനത്തെ 230 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിങ്ങ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു.<br>ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമിക ആരോഗ്യതലം വരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

(....2)

അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീരോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും യോഗാ പരിശീലനവും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ